# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ
ചോദ്യം നമ്പർ.3786

15.05.2017 ലെ മറുപടിയ്ക്ക്

## സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ

| ചോദ്യം<br>**ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ. നാണു**<br>**ശ്രീ. എ.കെ. ശശീന്ദ്രൻ**<br>**ശ്രീ. കെ.ബി. ഗണേഷ് കുമാർ** | മറുപടി<br>**പ്രൊ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) വരുന്ന പത്ത് വർഷക്കാലയളവിൽ തൊഴിൽമേഖലയിൽ വമ്പിച്ച മാറ്റങ്ങൾ വരുത്തുന്ന രീതിയിലുള്ള സാങ്കേതിക വിദ്യാ വികാസം, നിലവിലുള്ള എഴുപതു ശതമാനം തൊഴിലുകളും ഇല്ലാതാക്കുമെന്ന അന്താരാഷ്ട്ര തൊഴിൽ സംഘടന, ആഗോള സാമ്പത്തിക ഫോറം എന്നിവയുടെ പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിനനുസൃതമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും നിലവിലുള്ള കോഴ്സുകൾ നവീകരിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) വ്യവസായ അക്കാദമിക തലത്തിലെ വിദഗ്ധരുമായി ചർച്ച ചെയ്ത് നിലവിലെ ഡിപ്ലോമ കോഴ്സുകളുടെ സിലബസ് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് റിസർച്ച് (SITTTR) മുഖേന സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് ബിരുദതലം മുതലുള്ള കോഴ്സുകളുടെ സിലബസ് പരിഷ്കരണം യൂണിവേഴ്സിറ്റി തലത്തിലാണ് നടപ്പിലാക്കുന്നത്. അതിനനുബന്ധമായി പുതിയ കോഴ്സുകളുടെ സാദ്ധ്യതാ പഠനം നടത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

(സി) ഇതിനായി സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പുത്തൻ പ്രവണതകളെക്കുറിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന സാങ്കേതിക വിദഗ്ധരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് വേണ്ട മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) ഇത്തരം സാങ്കേതിക മാറ്റങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ അധ്യാപകർക്കും മറ്റു സാങ്കേതിക സഹായികൾക്കും പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുമോ; വിശദീകരിക്കാമോ?

(ഡി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലെ അധ്യാപകർക്ക് നൂതന സാങ്കേതിക വിദ്യയിൽ അവഗാഹം നേടാനാവശ്യമായ പരിശീലന പരിപാടികളും ഉന്നതവിദ്യാഭ്യാസ യോഗ്യത നേടാൻ ക്യു. ഐ. പി. മുഖാന്തരം തുടർപഠനത്തിനുള്ള അവസരവും നൽകുന്നുണ്ട്. കരിയർ അഡ്വാൻസ്മെന്റിന് ദേശീയ/അന്താരാഷ്ട്ര സെമിനാറുകളിലെ പ്രബന്ധാവതരണവും, ജേണൽ പബ്ലിക്കേഷനും മാനദണ്ഡമാക്കുക വഴി സാങ്കേതിക രംഗത്തെ മാറ്റങ്ങളെ കുറിച്ചുള്ള അവബോധം ഉറപ്പാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ